# എന്തോ ഒന്ന്
# നഷ്ടപ്പെട്ടിരിക്കുന്നു?



## ✶ എന്താണത്?

അല്ലയോ സ്നേഹിതാ, താങ്കൾ മരിച്ചവനോ അതോ ജീവനുള്ളവനോ? താങ്കൾക്ക് എപ്പോഴെങ്കിലും വളരെ പ്രധാനപ്പെട്ട എന്തെങ്കിലും നഷ്ടമായതായി തോന്നിയിട്ടുണ്ടോ?

യേശുക്രിസ്തു നിന്റെ ജീവിതത്തിൽ കടന്നുവന്നിട്ടില്ലെങ്കിൽ ജീവൻ നൽകുന്നവനും അതിന്റെ ഉടയവനും അതിനെ സംരക്ഷിക്കുന്നവനുമായ സാക്ഷാൽ ദൈവം നിന്റെ ജീവിതത്തിൽ നഷ്ടമായിരിക്കുന്നു. നിന്റെ ജീവിതത്തിന്റെ നിലനിൽപ്പിന് ആധാരമായ പരമപ്രധാനമായ വ്യക്തിയെയാണ് നിനക്ക് നഷ്ടമായിരിക്കുന്നത്. ശൂന്യാവസ്ഥയിൽ കിടക്കുന്ന നിന്റെ ആത്മാവ് ദൈവസാന്നിദ്ധ്യത്താൽ ഒന്നു നിറയുവാൻ വാഞ്ചിക്കുന്നു.

ഇരുൾ മൂടി കിടക്കുന്ന നിന്റെ ഹൃദയത്തിലേക്ക് ലോകത്തിന്റെ വെളിച്ചമാകുന്ന യേശുവിനെ സ്വീകരിക്കുമോ? ദൈവത്തിന് വസിക്കുവാൻ നിന്റെ ഹൃദയത്തിൽ ഒരൽപ്പം ഇടം കൊടുക്കുമോ? അങ്ങനെ നിന്റെ അന്തരാത്മാവിന്റെ ദാഹത്തെ ശമിപ്പികുവാൻ തയ്യാറാകുമോ? യേശുവിനെ രക്ഷകനായി സ്വീകരിച്ചിട്ടില്ലാത്തവരെക്കുറിച്ച് ബൈബിൾ പറയുന്നത് ശ്രദ്ധിക്കുക, "അവർ അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ചവരാണ്" (എഫേ. 2:1). ജീവന്റെ ഉറവിടമായ യേശുവിന് നിന്റെ ഹൃദയം തുറന്നു കൊടുത്തിട്ടില്ലായെങ്കിൽ നീ മരിച്ചവനാണ്. നിനക്ക് ജീവനുള്ളവൻ എന്നു പേരുണ്ടെങ്കിലും മരിച്ചവനാണ്.

## ✶ ഇതെങ്ങനെ സംഭവിച്ചു?

ഏദെൻ പറുദീസയിൽ പാർത്തിരുന്ന ആദ്യമാതാപിതാക്കളായ ആദം ഹവ്വമാർ വീഴ്ചക്കുമുമ്പ് ദൈവമുമ്പാകെ നിഷ്കളങ്കരും തികഞ്ഞ ആത്മിക ജീവതത്തിന്റെ ഉടമകളുമായിരുന്നു. അവർ ദൈവത്തോടൊപ്പം സർവ്വ പൂർണ്ണതയിലും ഐക്യത്തിലും നടന്നവരായിരുന്നു. ആ കാലത്ത് അവർക്കു ലഭിച്ച നിർദ്ദേശം ഇപ്രകാരമായിരുന്നു.

"... തോട്ടത്തിലെ സകല വൃക്ഷങ്ങളുടെയും ഫലം നിനക്കു ഇഷ്ടം പോലെ തിന്നാം എന്നാൽ നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിൻ ഫലം തിന്നരുത് തിന്നുന്നനാളിൽ നീ മരിക്കും" (ഉല്പ. 2: 16,17).

സാത്താൻ അവരെ വശീകരിച്ചനിൻ ഫലമായി ദൈവീക പ്രമാണങ്ങളെ തിരസ്കരിച്ച്, വിലക്കപ്പെട്ട ഫലം അവർ പറിച്ചുതിന്നു. തൻമൂലം അവർക്ക് ആത്മീക മരണം സംഭവിച്ചു. പാപം അവരിൽ കടന്നുവന്നു. അവർ ദൈവത്തിൽ നിന്നും എന്നന്നേക്കുമായി അകന്നുപോയി. അന്നുമുതലുള്ള സകല മനുഷ്യവർഗ്ഗവും പാപത്തിലാണ് ജനിക്കുന്നത്. ബൈബിൾ പറയുന്നു, "അതുകൊണ്ടു ഏകമനുഷ്യനാൽ പാപവും പാപത്താൽ മരണവും ലോകത്തിൽ കടന്നു ഇങ്ങനെ എല്ലാവരും പാപം ചെയ്കയാൽ മരണം സകല മനുഷ്യരിലും പരന്നിരിക്കുന്നു" (റോമർ. 5:12). ഏകമനുഷ്യന്റെ അനുസരണക്കേടിനാൽ അനേകർ പാപികളായി തീർന്നു (റോമർ.5:18) പാപത്തിന്റെ ശമ്പളം മരണമത്രേ (റോമർ. 6:23). ഇതാ ഞാൻ പാപത്തിൽ ഉരുവായി പാപത്തിൽ എന്റെ അമ്മ എന്നെ ഗർഭം ധരിച്ചു (സങ്കി. 51:5). നീതിമാൻ ആരുമില്ല ഒരുത്തൻ പോലുമില്ല (റോമർ. 3:10). ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്തു ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോമർ. 3:23).

ആദ്യമാതാപിതാക്കൾ പാപം ചെയ്തതിന്റെ ഭവിഷ്യത്ത് രണ്ടുവിധ മരണമായിരുന്നു ഒന്ന് ആത്മീക മരണം മറ്റൊന്ന് ശാരീരിക മരണം. എന്നാൽ ക്രിസ്തു ഹൃദയത്തിൽ ഇല്ലാത്ത ഒരാൾ മരിച്ചാൽ നിത്യമരണമായിരിക്കും അവന് സംഭവിക്കുന്നത്. അതായത് അവൻ ദൈവത്തിൽ നിന്നും എന്നേക്കുമായി അകന്നു നിത്യനരകാഗ്നിയിലേക്ക് പോവുകയത്രേ ചെയ്യുന്നത്.

### ✶ ദൈവം എന്താണ് ചെയ്തത്?

കർത്താവായ യേശുക്രിസ്തു നഷ്ടപ്പെട്ടുപോയ മനുഷ്യവർഗ്ഗത്തെ രക്ഷിപ്പാനായി ഈ ഭൂമിയിലേക്കു വന്നു. അവന്റെ കാൽവറി മരണത്തിലൂടെ, പാപം ചെയ്ത് ദൈവതേജസ്സ് നഷ്ടമാക്കി നിത്യന്യായവിധിക്ക് യോഗ്യനായിരുന്ന മനുഷ്യനെ രക്ഷിച്ച് പിതാവാം ദൈവത്തോടടുപ്പിക്കുവാൻ അവനു കഴിഞ്ഞു. മനുഷ്യന് നഷ്ടമായിപ്പോയ നിത്യജീവൻ തിരികെ നൽകുവാനായിട്ടായിരുന്നു യേശു വന്നത്; "... അവർക്കു ജീവനുണ്ടാകുവാനും സമൃദ്ധിയായിട്ടു ഉണ്ടാകുവാനുമത്രേ ഞാൻ വന്നിരിക്കുന്നത് (യോഹ. 10:10). അവൻ മനുഷ്യവർഗ്ഗത്തിന്റെ പാപം സ്വയം ഏറ്റെടുത്ത് കാൽവറി കുരിശിൽ പരമയാഗമായി തീർന്നു.

ഏതു ഹീന പാപിയെയും യേശു രക്ഷിക്കുന്നു. യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധികരിക്കുന്നു. രക്ഷ പ്രാപിക്കുവാനുള്ള ഏകവഴി പാപങ്ങളെ ഉപേക്ഷിച്ചു യേശുവിനെ ഹൃദയത്തിൽ സ്വീകരിക്കുക. യേശു പറഞ്ഞു, "ഞാൻ നിങ്ങളോടു പറയുന്നു എന്റെ വചനം കേട്ട് എന്നെ അയച്ചവനെ വിശ്വസിക്കുന്നവന് നിത്യജീവിൻ ഉണ്ട്. അവൻ ന്യായവിധിയിൽ ആകാതെ മരണത്തിൽ നിന്നു ജീവങ്കലേക്കു കടന്നിരിക്കുന്നു" (യോഹ. 5:24).

## ★ ഇനിയും നിങ്ങൾ തീരുമാനിക്കൂ.

പ്രിയമിത്രമേ, നിനക്കൊരു പുതുജീവൻ നൽകുവാൻ ദൈവം ആഗ്രഹിക്കുന്നു. യേശുവിനെ രക്ഷകനായി സ്വീകരിച്ചു കഴിയുമ്പോൾ നീ വീണ്ടും ജനനംപ്രാപിച്ച വ്യക്തിയായി തീരും. മരണശേഷം അവൻ നിന്നെ സ്വർഗ്ഗത്തിലേക്ക് ചേർത്തു കൊള്ളും. യേശു യഹുദന്മാരുടെ ഒരു പ്രമാണിയായിരുന്ന നിക്കോദേമോസിനോട് പറയുന്നത് ശ്രദ്ധിക്കുക, ആമേൻ ആമേൻ, ഞാൻ നിന്നോട് പറയുന്നു പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാൺമാൻ ആർക്കും കഴികയില്ല (യോഹ.3:3).

പാപപ്രവൃത്തികളെ ഉപേക്ഷിച്ച് പശ്ചാത്താപമുള്ളവനായി ക്രിസ്തുവിങ്കലേക്ക് കടന്നുവരുമോ? യേശുവിനെ വിശ്വാസത്താൽ ഹൃദയത്തിൽ സ്വീകരിക്കുമോ? ഒരു പുതിയ സൃഷ്ടിയായി തീരുവാൻ ആഗ്രഹിക്കുന്നുവോ? ദൈവവും നീയും തമ്മിൽ നഷ്ടപ്പെട്ടുപോയ ബന്ധം പുനഃസ്ഥാപിക്കുക. ഹൃദയം സന്തോഷവും സമാധാനവും കൊണ്ട് നിറയട്ടെ. ദൈവം നിന്റെ പിതാവും നീ അവന്റെ മകനുമായിതീരട്ടെ... നിത്യത മുഴുവൻ നിലനിൽക്കുന്ന സമാധാനം പ്രാപിക്കുവാൻ ദൈവം കൃപ നൽകട്ടെ... "പുത്രൻ (ക്രിസ്തു) ഉള്ളവനു ജീവനുണ്ട് ദൈവപുത്രനില്ലാത്തവനു ജീവനില്ല" (1 യോഹ. 5:12).

ബൈബിൾ സംബന്ധമായി കൂടുതൽ പഠിക്കുവാനാഗ്രഹിക്കുന്നവർക്ക് തപാലിലൂടെ വീട്ടിലിരുന്ന് പഠിക്കുവാൻ ഞങ്ങൾ സൗകര്യമൊരുക്കുന്നു.
***കൂടുതൽ വിവരങ്ങൾക്ക് എഴുതുക :***

**FELLOWSHIP TRACT LEAGUE**
P.O. BOX 164 • LEBANON, OH 45036
www.fellowshiptractleague.org © Tract 5642 (Malayalam)
All tracts free as the Lord provides. Not to be sold.